**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 842** **10-06-2021 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിമായി പൂർത്തിയാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നു എന്ന് ഉറപ്പുവരുത്താൻ സർക്കാർ തലത്തിലും ഉദ്യോഗസ്ഥ തലങ്ങളിലും അവലോകനയോഗങ്ങൾ നടത്തുകയും പ്രവൃത്തി തടസ്സരഹിതമായി പുരോഗമിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. കരാറുകാരന്റെ പിഴവുകൊണ്ടാണ് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകേണ്ടി വരുന്നതെങ്കിൽ സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റിൽ നിഷ്കർഷിക്കും വിധം നിശ്ചിത തുക ഫൈൻ ഈടാക്കാറുണ്ട്. ഏതെങ്കിലും പ്രവൃത്തി വ്യക്തമായ കാരണങ്ങളില്ലാതെ നിർത്തി വച്ചാൽ Revised PWD Manual 2012 പ്രകാരം കരാറുകാരനെ Risk & Cost-ൽ Terminate ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |
| (ബി) | പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണമേന്മ, കാര്യക്ഷമത, സുതാര്യത, ആധുനികവൽക്കരണം തുടങ്ങിയവ ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന നിർമ്മാണപ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കി അതുവഴി ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിനും വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. അതിന്റെ ഭാഗമായി പ്രവൃത്തികൾ വിലയിരുത്തുന്നതിനായി ജില്ലാതലത്തിൽ ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ ചെയർമാനായി ജില്ലാ പഞ്ചായത്ത് / മുൻസിപ്പാലിറ്റി പ്രതിനിധികൾ, വിരമിച്ച എഞ്ചിനീയർമാർ എന്നിവരെ ഉൾപ്പെടുത്തി സമിതികളും രൂപവത്കരിച്ചിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് പ്രവൃത്തികളിലെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി ഗുണനിലവാര പരിശോധന വിവിധ തലങ്ങളിൽ നടത്തുകയും ഇതിനുള്ള കർശന നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്യുന്നു. ജില്ലാതല ക്വാളിറ്റി കൺട്രോൾ ലാബുകൾ മുഖാന്തിരമാണ് ഗുണനിലവാര പരിശോധന നടത്തുന്നത് . ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരം |

| | | | |
|---|---|---|---|
| | | | ത്രിതല ഗുണനിലവാര പരിശോധനകൾ നടത്തി വരുന്നു. എസ്റ്റിമേറ്റ് തുക 15 ലക്ഷത്തിന് മുകളിലുള്ള പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിന് 1st tier ഗുണനിലവാര പരിശോധനാ റിപ്പോർട്ട് നിർബന്ധമാക്കിയിട്ടുണ്ട്. ഒപ്പം വകുപ്പ് തല ജില്ലാതല ക്വാളിറ്റി കൺട്രോൾ ലാബുകൾ മുഖാന്തിരമാണ് II tier ഗുണനിലവാര പരിശോധനകൾ നടത്തിവരുന്നത്. II tier പരിശോധന ഫലം തൃപ്തികരമല്ലാതെ വരുന്ന പക്ഷം അത് പൊതുമരാമത്തു വിജിലൻസ് വിഭാഗത്തെ അറിയിക്കുകയും ആയതിനു വേണ്ടി തുടർ നടപടികൾ വിജിലൻസ് വിഭാഗം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്യുന്നു. എല്ലാ പ്രവൃത്തികളും സുതാര്യമാക്കുന്നതിലേക്കായി പ്രൈസ് സോഫ്റ്റ് വെയർ പുതിയ അപ്ഡേഷൻ നിലവിൽ വന്നു. പുതിയ സോഫ്റ്റ് വെയറുകളുടെ ഉപയോഗം, ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ രീതികൾ എന്നിവ വഴി പൊതുമരാമത്ത് വകുപ്പിൽ ആധുനികവൽകരണം നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) | പൊതുമരാമത്ത് പ്രവൃത്തികളിൽ കാലാനുസൃതമായ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | എല്ലാ പൊതുമരാമത്ത് റോഡുകളും ഘട്ടം ഘട്ടമായി ബി.എം. & ബിസി നിലവാരത്തിലേയ്ക്ക് ഉയർത്തി വരുന്നു. വൈറ്റ് ടോപ്പിംഗ്, ഫുൾ ഡെപ്ത് റിക്ലമേഷൻ, കയർ ഭൂവസ്ത്രം തുടങ്ങിയ സാങ്കേതിക വിദ്യകളും നടപ്പിലാക്കിയിട്ടുണ്ട്. ടാറിംഗിലെ നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് ദേശീയപാത വിഭാഗത്തിൽ റോഡ് നിർമ്മാണം നടത്തുന്നത്. കൂടാതെ നിലവിലെ നൂതന സാങ്കേതിക വിദ്യകളും മറ്റും റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കുവാൻ സാധിക്കും വിധം ദേശീയപാതാ വിഭാഗത്തിൽ കരാറുകൾ ഇ.പി.സി വ്യവസ്ഥയിലും നടപ്പിലാക്കി വരുന്നുണ്ട് . അത്യാധുനിക സാങ്കേതിക വിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് ഉപയോഗിച്ച് തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, ആലപ്പുഴ എന്നീ ജില്ലകളിൽ ദേശീയ പാതയുടെ ഉപരിതലം പുതുക്കി നിർമ്മിച്ചിട്ടുണ്ട് . പൊതുമരാമത്ത് പ്രവൃത്തികളുടെ നിർമ്മാണ വസ്തുക്കളുടെ ഗുണനിലവാര പരിശോധന നടത്തുന്ന പൊതുമരാമത്ത് വകുപ്പിന് കീഴിലെ കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ലാബ് അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തിയിട്ടുണ്ട്. പ്രൈസ് സോഫ്റ്റ് വെയറിന്റെ പുതിയ അപ്ഡേഷൻ നിലവിൽ വന്നു. നിർമ്മാണ പ്രവൃത്തികളിൽ ആധുനിക രീതിയിലുള്ള രൂപകൽപ്പനകളും, |

| | | | |
|---|---|---|---|
| | | | അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചുള്ള നിർമ്മാണവും നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ